12 റിസർവോയറുകളിൽ 11 എണ്ണത്തിന്റെയും 3 പൈപ്പ്ലൈൻ പാറ്റങ്ങളുടെയും പണി പൂർത്തിയായി. റോ വാട്ടർ ബൂസ്റ്റർ സ്റ്റേഷന്റെ പണി പൂർത്തീകരണ ഘട്ടത്തിലാണ്. ട്രാൻസ്ഫോമറുകളും പമ്പ്സെറ്റുകളും സ്ഥാപിക്കുന്നതിന് ടെന്റർ നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ ഗ്രാവിറ്റി മെയിനുകളും വിതരണ ശൃംഖലയും സ്ഥാപിക്കുന്ന ജോലിയാണ് പ്രധാനമായും ശേഷിക്കുന്നത്.

(ബി) 22.80 കോടി രൂപ ചെലവഴിച്ചു. ഇതിൽ 16 കോടി രൂപ എൽ.ഐ.സി.-യിൽനിന്നും ബാക്കി തുക ഗവൺമെന്റ് വിഹിതവുമായാണ് ചെലവഴിച്ചത്.

(സി) ബാക്കി തുക കേന്ദ്രഗവൺമെന്റിന്റെ ത്വരിത നഗര ശുദ്ധജല വിതരണ പദ്ധതിയിൽപ്പെടുത്തി ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ത്വരിത നഗര ശുദ്ധജല വിതരണ പദ്ധതി പ്രകാരം പ്രാദേശിക ഭരണ സമിതികളിൽനിന്നും 5% വിഹിതം ഈടാക്കേണ്ടതുണ്ട്. ഇതിനുള്ള നടപടി എടുത്തു വരുന്നു.

(ഇ) ഇക്കാര്യം പരിഗണിക്കുവാൻ കഴിയുകയില്ല.

(എഫ്) ത്വരിത നഗര ശുദ്ധജല വിതരണ പദ്ധതി അനുസരിച്ച് 5% വിഹിതം പ്രാദേശിക ഭരണ സമിതികൾ തന്നെ വഹിക്കേണ്ടതാണ്.

കല്ലട ജലസേചന പദ്ധതിയുടെ ഇടതുകര കനാലിന്റെ കോട്ടവട്ടം—വിളക്കുടി സങ്കനാൽ

76 [1013] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കല്ലട ജലസേചന പദ്ധതിയുടെ പണിമുടങ്ങിയ ഭാഗങ്ങളുടെ പണികൾ പൂർത്തീകരിച്ച് ജലവിതരണം നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ; എന്ത് തുകയാണ് പ്രസ്തുത പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുള്ളത്;

(സി) ഇടതുകര കനാലിന്റെ കോട്ടവട്ടം ഭാഗത്ത് നിന്നാരംഭിച്ച് മൈലാടി, ആവണീശ്വരം, ധർമ്മപുരിവഴി വിളക്കുടിയിൽ എത്തിച്ചേരുന്ന സങ്കനാലിന്റെ ദൂരം എത്രയാണ്; ഈ സങ്കനാലിന്റെ പണി എന്നാണ് പൂർത്തീകരിച്ചത്; ഇതിന് എന്തു തുക ചെലവായി;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിന്റെ അറ്റകുറ്റപ്പണികൾക്കായി ഓരോ വർഷവും എന്ത് തുകവീതം ചെലവായിട്ടുണ്ട്;

(ഇ) പണി പൂർത്തീകരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഈ കനാലിൽക്കൂടി വെള്ളം ലഭ്യമാക്കാത്തതിനാൽ വർഷംതോറും കൃഷിനശിക്കുന്നതും ജനങ്ങൾ കുടിവെള്ളം ലഭിക്കാതെ ബുദ്ധിമുട്ടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇപ്പോൾ നടക്കുന്ന പുനരുദ്ധാരണ പദ്ധതി പൂർത്തിയാക്കി ഈ സബ്കനാലിൽകൂടി വെള്ളം തുറന്നുവിടാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) പണി മുടങ്ങിയ ഭാഗങ്ങളുടെ പണികൾ പൂർത്തീകരിച്ച് ജലവിതരണം നടത്തുവാൻ നടപ്പുസാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

(സി) 13800 മീറ്റർ നീളം 1987-ൽ പൂർത്തീകരിച്ചു. ഈ കനാലിന്റെ നിർമ്മാണത്തിന് 67.064 ലക്ഷം രൂപയുടെ അടങ്കൽ തുകയ്ക്ക് കരാർ നൽകി. എന്നാൽ ഇത് പൂർത്തീകരിക്കാൻ ചെലവായ തുകയുടെ വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഈ കനാലിന്റെ അറ്റകുറ്റപ്പണികൾക്കായി ഓരോ വർഷവും ഏകദേശം ഒരു ലക്ഷം രൂപ വീതം ചെലവായിട്ടുണ്ട്.

(ഇ) & (എഫ്) ഉണ്ട്. ഏകദേശം 6 കി. മീ. ദൂരം ജലവിതരണം നടക്കുന്നുണ്ട്. ബാക്കിയുള്ള ഭാഗത്തുകൂടി ജലവിതരണം നടത്തുവാനുള്ള നടപടികൾ നടന്നു വരുന്നു.

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, പനങ്ങാട് പഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതി

77 [1014] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി പനങ്ങാട് പഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിക്കുവേണ്ടി ഏതെങ്കിലും സർവ്വേ അഥവാ അന്വേഷണം ചെയ്തിട്ടുണ്ടോ;

(ബി) ഈ പഞ്ചായത്തുകളിൽ ഈ പദ്ധതിയുടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തിവരുന്നത് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly